ഏതൊരാൾ എന്നോട് സലാം പറഞ്ഞാലും ഞാൻ അദ്ദേഹത്തിന് സലാം
മടക്കാൻ വേണ്ടി അല്ലാഹു എനിക്ക് എന്റെ ആത്മാവ്
തിരിച്ചുനൽകുക തന്നെ ചെയ്യുന്നതാണ്
ُه عَنُْه- റൈറുഹ ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "ഏതൊരാൾ എന്നോട് സലാം പറഞ്ഞാലും
ഞാൻ അദ്ദേഹത്തിന് സലാം മടക്കാൻ വേണ്ടി അല്ലാഹു എനിക്ക് എന്റെ ആത്മാവ്
തിരിച്ചുനൽകുക തന്നെ ചെയ്യുന്നതാണ്."
[അതിന്റെ പരമ്പര ഹസനാകുന്നു]
നബി -صلى الله عليه وسلم- യോട് അടുത്ത് നിന്നോ വിദൂരത്ത് നിന്നോ സലാം പറയുന്നവർക്ക് സലാം
മടക്കുന്നതിന് വേണ്ടി അല്ലാഹു അവിടുത്തെ ആത്മാവ് അവിടുത്തേക്ക് മടക്കി
നൽകുന്നതാണെന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. പ്രത്യേകം ശ്രദ്ധിക്കുക: ഖബ്ർ ജീവിതവും
അവിടെയുള്ള ബർസഖിയായ ലോകവും നമുക്ക് അദൃശ്യമായ ഗയ്ബിയായ കാര്യമാണ്. അതിൻ്റെ
യാഥാർത്ഥ്യത്തെ കുറിച്ച് അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ല. അല്ലാഹു എല്ലാ
കാര്യത്തിനും കഴിവുള്ളവനാണ്.
https://sunnah.global/hadeeth/ml/show/6222